**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3992** **28-06-2024 - ൽ മറുപടിയ്ക്ക്**

**അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം ചെയ്യുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകൾ, ആർ.ടി. ഓഫീസുകൾ, റവന്യൂ ഓഫീസുകൾ ഉൾപ്പെടെ വിവിധ സർക്കാർ സ്ഥാപനങ്ങളിലെയും കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി തുടങ്ങി ജനങ്ങൾക്ക് എപ്പോഴും ആശ്രയിക്കേണ്ട സ്ഥാപനങ്ങളിലെയും ചില ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതി വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത മേഖലയിലെ അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം ചെയ്യുവാനും അഴിമതിക്കാരെയും കൈക്കൂലിക്കാരെയും സർവ്വീസിൽ തുടരുവാൻ അനുവദിക്കാതിരിക്കാനും സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് വകുപ്പ് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/ വിജിലൻസ് അന്വേഷണം/ മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും, സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽ നിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ അഴിമതിക്കാരായ വ്യക്തികളെ നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടികൾ എടുക്കാറുണ്ട്. വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളുടെയും മിന്നൽ പരിശോധനകളുടെയും അടിസ്ഥാനത്തിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് സ്ഥിരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കുന്നതായി ലഭിക്കുന്ന പരാതികളിൻമേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ഇപ്രകാരം അനധികൃത സ്വത്ത് സമ്പാദനം നടത്തുന്ന ഉദ്യോഗസ്ഥരെയും മറ്റ് കുറ്റകൃത്യങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥരെയും കുറിച്ച് വിവരശേഖരണം നടത്തി അവരെ നിരീക്ഷണത്തിലും വയ്ക്കാറുണ്ട്. കൂടാതെ പൊതു സേവകർക്കും, സർക്കാർ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും വിജിലൻസ് ബോധവത്കരണം നടത്തി വരുന്നു. |
| (സി) | കഴിഞ്ഞ മൂന്നു വർഷകാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽ എത്ര പേർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു തുടർ നടപടി സ്വീകരിച്ചുവെന്നും എത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കിയെന്നും ഓരോ വിഭാഗവും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (സി) | കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ വിവിധ വകുപ്പുകളിൽ **493** കേസുകളിൽ **1107** പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും **268** ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട് കൂടാതെ വിവിധ വകുപ്പുകളിലായി നടപടികൾ പൂർത്തിയാക്കി 6 ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും പുറത്താക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | വകുപ്പ് | കേസുകളുടെ എണ്ണം | ഉദ്യോഗസ്ഥരുടെ എണ്ണം | സസ്പെൻഡ് ചെയ്യപെട്ടവരുടെ എണ്ണം |
|---|---|---|---|---|
| 1 | കൃഷി വകുപ്പ് | 13 | 30 | 3 |
| 2 | വിദ്യാഭ്യാസ വകുപ്പ് | 11 | 19 | 3 |
| 3 | ആരോഗ്യ വകുപ്പ് | 20 | 23 | 17 |
| 4 | ആഭ്യന്തര വകുപ്പ് | 2 | 2 | |
| 5 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4 | 4 | 2 |
| 6 | വാട്ടർ അതോറിറ്റി | 5 | 5 | 1 |
| 7 | തൊഴിൽ വകുപ്പ് | 1 | 1 | |
| 8 | റവന്യൂ വകുപ്പ് | 98 | 168 | 67 |
| 9 | തദ്ദേശ സ്വയംഭരണ വകുപ്പ് | 110 | 274 | 55 |
| 10 | മോട്ടോർ വെഹിക്കിൾ വകുപ്പ് | 17 | 27 | 15 |
| 11 | പബ്ലിക് റിലേഷൻ വകുപ്പ് | 1 | 1 | 1 |
| 12 | രജിസ്ട്രേഷൻ വകുപ്പ് | 11 | 17 | 6 |
| 13 | പട്ടികജാതി പട്ടിക വർഗ്ഗ | 4 | 19 | 3 |
| 14 | സപ്ലൈകോ | 2 | 2 | 1 |
| 15 | സർവ്വേ വകുപ്പ് | 5 | 5 | 3 |
| 16 | മൃഗസംരക്ഷണം | 4 | 4 | 3 |
| 17 | ഇലക്ട്രിക്കൽ | 2 | 3 | 2 |
| 18 | പോലീസ് | 24 | 40 | 15 |
| 19 | പൊതുമരാമത്ത് | 29 | 84 | 7 |
| 20 | സഹകരണം | 40 | 185 | 21 |
| 21 | മലിനീകരണ നിയന്ത്രണ | 5 | 11 | 4 |
| 22 | ബിവറേജസ് | 2 | 7 | 1 |
| 23 | വനം വകുപ്പ് | 9 | 33 | 5 |
| 24 | എക്സൈസ് | 9 | 6 | 2 |
| 25 | ജിയോളജി ആൻഡ് മിനിംഗ് | 4 | 6 | 2 |
| 26 | നികുതി | 1 | 2 | 1 |
| 27 | കെഎസ്ഐഇ | 1 | 1 | |
| 28 | ആയുഷ് | 1 | 4 | |
| 29 | ദേവസ്വം ബോർഡ് | 6 | 19 | 4 |
| 30 | ടൂറിസം വകുപ്പ് | 2 | 7 | 1 |
| 31 | ട്രഷറി | 3 | 4 | 2 |
| 32 | ലീഗൽ മെട്രോളജി | 4 | 4 | 4 |
| 33 | ഹൌസിംഗ് ബോർഡ് | 1 | 1 | 1 |
| 34 | ജലസേചനം | 4 | 8 | 1 |
| 35 | ലോട്ടറി | 1 | 3 | |
| 36 | സിവിൽസപ്ലൈസ് | 14 | 22 | 8 |
| 37 | തിരുവിതാംകൂർ ദേവസ്വം | 3 | 3 | |
| 38 | ചുമട്ടു തൊഴിലാളി ക്ഷേമ നിധി ബോർഡ് | 1 | 1 | |

| | | | | |
|---|---|---|---|---|
| 39 | മത്സ്യഫെഡ് | 1 | 2 | |
| 40 | ഫാമിലിവെൽഫയർ | 3 | 6 | 4 |
| 41 | കെഎസ്ആർടിസി | 2 | 2 | 1 |
| 42 | ഹോർട്ടികോർപ്പ് | 1 | 5 | 1 |
| 43 | ക്ഷീരവകുപ്പ് | 3 | 5 | |
| 44 | ചരക്ക് സേവന നികുതി | 3 | 11 | |
| 45 | സിഡ്കോ | 1 | 3 | |
| 46 | കെഎസ്എഫ്ഇ | 1 | 1 | 1 |
| 47 | ജയിൽ | 1 | 1 | |
| 48 | ഫിഷറീസ് | 1 | 1 | |
| 49 | ഇൻലാൻഡ് നാവിഗേഷൻ | 1 | 8 | |
| 50 | കെഎഫ് സി | 1 | 7 | |
| | **ആകെ** | **493** | **1107** | **268** |